34
1/1/21

File No.FandP-C1/292/2020-FandP

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

മത്സ്യബന്ധന തുറമുഖ വകുപ്പ് - പ്രളയം മൂലം നാശനഷ്ടം സംഭവിച്ച രജിസ്റ്റേർഡ് അലങ്കാര മത്സ്യകൃഷിക്കാർക്ക് നഷ്ടപരിഹാരം അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്

സ.ഉ.(കൈ) നം.24/2020/മ.തു.വ      തീയതി,തിരുവനന്തപുരം, 29/12/2020

---

പരാമർശം:- 1 7/03/2019 ലെ സ.ഉ(കൈ) നം.41/2019/കൃഷി

2 ഫിഷറീസ് ഡയറക്ടറുടെ 10-07-2019 -ലെ ഡി2/33564/2019, 19-08-2020ലെ ഡി2/775/2020 നമ്പർ കത്തുകൾ

<u>ഉത്തരവ്</u>

05.03.2019 ലെ മന്ത്രിസഭായോഗത്തിൽ( ഒ.എ ഇനം 2938 )ൽ, 2018 ആഗസ്റ്റ് മാസത്തെ മഹാ പ്രളയത്തിൽ കാർഷിക മേഖലയ്ക്കുണ്ടായ വൻ നാശനഷ്ടം കണക്കിലെടുത്ത് കാർഷിക വായ്പകളിൻമേൽ ആനുകൂല്യം നൽകുന്നതിന് കൈക്കൊണ്ട തീരുമാനങ്ങളിൽ, പ്രളയം മൂലം നാശനഷ്ടങ്ങൾ സംഭവിച്ച രജിസ്റ്റേർഡ് അലങ്കാര മത്സ്യകൃഷിക്കാർക്കും (ഉടമസ്ഥർ/വിതരണക്കാർ) ആനുകൂല്യം നൽകുവാൻ പരാമർശം(1) പ്രകാരം തത്വത്തിൽ തീരുമാനിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ 2018 ആഗസ്റ്റ് മാസത്തെ പ്രളയത്തിൽ 36 അലങ്കാര മത്സ്യകൃഷി യൂണിറ്റുകൾക്ക് നാശനഷ്ടം സംഭവിച്ചുവെന്നും 17,23,750 രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ടെന്നും, ഇവർ ഈ നഷ്ടപരിഹാരത്തിന് അർഹരുമാണെന്നും, ഇവർക്ക് സബ്സിഡി നൽകിയിട്ടുള്ളത് 2010–2011, 2011-12 വർഷങ്ങളിൽ ആണെന്നും, എന്നാൽ സബ്സിഡി നൽകിയ തുക ഒഴിവാക്കിയാൽ 12 കർഷകർക്കായി 7,90,500 രൂപയുടെ നഷ്ടപരിഹാരമാണ് കണക്കാക്കപ്പെട്ടിരിക്കുന്നതെന്നും, ഫിഷറീസ് ഡയറക്ടർ പരാമർശം(2) പ്രകാരം അറിയിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2018-ലെ പ്രളയം മൂലം നാശനഷ്ടം സംഭവിച്ച രജിസ്റ്റേർഡ് അലങ്കാര മത്സ്യ കൃഷിക്കാർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി ബഹു.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 7,90,500/-രൂപ (ഏഴ് ലക്ഷത്തി തൊണ്ണൂറായിരത്തി അഞ്ഞൂറ് രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ, (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടൻറ് ജനറൽ, (എ & ഇ) കേരളം, തിരുവനന്തപുരം
റവന്യൂ വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നമ്പർ. 4409തീയതി 24-12-2020)
ഡെപ്യൂട്ടി ഡയറക്ടർ II, വെബ് & ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Sheeba
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 24-12-2020

ഫയൽ നം. 234/സി1/2019/മ.തു.വ. ഇനം നം: 4409

വിഷയം : മത്സ്യബന്ധന തുറമുഖ വകുപ്പ് - 05.03.2019-ലെ മന്ത്രിസഭായോഗത്തിലെ ഒ.എ. ഇനം.2938-ന്റെ അടിസ്ഥാനത്തിൽ, പ്രളയം മൂലം നാശനഷ്ടം സംഭവിച്ച രജിസ്റ്റേർഡ് അലങ്കാര മത്സ്യകൃഷിക്കാർക്ക് നഷ്ടപരിഹാരം അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

സെക്രട്ടറി, മത്സ്യബന്ധന വകുപ്പ്.

# കേരള സർക്കാർ
# (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | 234/സി1/19/മ.തു.വ |
| 2. | വകുപ്പ് | മത്സ്യബന്ധന തുറമുഖ (സി) വകുപ്പ് |
| 3. | വിഷയം | 05.03.2019-ലെ മന്ത്രിസഭായോഗത്തിലെ ഒ.എ ഇനം. 2938 ന്റെ അടിസ്ഥാന ത്തിൽ, പ്രളയം മൂലം നാശനഷ്ടം സംഭവിച്ച രജിസ്റ്റേർഡ് അലങ്കാര മത്സ്യകൃഷിക്കാർക്ക് നഷ്ടപരിഹാരം അനുവദിക്കുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 10/11/2020 |
| 5. | (1) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ?<br>(2) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ |
| 7. | കുറിപ്പ് സമർപ്പിക്കുന്ന ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര്. | ശ്രീമതി.അജിത.ബി |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീമതി.ടിങ്കു ബിസ്വാൾ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 10/12/2020 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്. | ഡോ. വിശ്വാസ് മേത്ത |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 21/12/2020 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീമതി. ജെ. മേഴ്സിക്കുട്ടി അമ്മ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 21/12/2020 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 21/12/2020 |
| 15. | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്.

05.03.2019-ലെ മന്ത്രിസഭായോഗത്തിലെ ഒ.ഐ ഇനം. 2938 തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, പ്രളയം മൂലം നാശനഷ്ടം സംഭവിച്ച രജിസ്റ്റേർഡ് അലങ്കാര മത്സ്യകൃഷിക്കാർക്ക് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

(2). 05.03.2019 ലെ മന്ത്രിസഭായോഗ തീരുമാനത്തിന്റെ (ഒ.ഐ ഇനം.2938) അടിസ്ഥാനത്തിൽ പ്രളയത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ച അലങ്കാര മത്സ്യകൃഷി യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനുവേണ്ടി 11.07.2019 തീയതിയായി ഫിഷറീസ് ഡയറക്ടർ താഴെ പറയുന്ന 3 പ്രൊപ്പോസലുകൾ സമർപ്പിച്ചിരുന്നു.

1) Rehabilitation of large scale units - 2.62 crore
2) Rehabilitation of medium scale units - 2.52 crore
3) Rehabilitation of backyard units - 4.72 crore

(3). ടി പ്രൊപ്പോസലിൻമേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ പറയും പ്രകാരമാണ്

> "പ്രളയം മൂലം തകർന്ന യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പുതിയ പ്രൊപ്പോസലുകളാണ് ഫിഷറീസ് ഡയറക്ടർ സമർപ്പിച്ചിട്ടുള്ളത്. സർക്കാരിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതിയിൽ പുതിയ സ്കീമുകൾ അംഗീകരിക്കുവാനുള്ള സാഹചര്യമില്ല. പ്രളയം മൂലം നാശനഷ്ടം സംഭവിച്ച അലങ്കാര മത്സ്യ കൃഷിക്കാർക്ക് ആനുകൂല്യം നൽകുന്നതിനാണ 05.03.2019-ലെ മന്ത്രിസഭാ തീരുമാനം പ്രകാരം ഉത്തരവായിട്ടുള്ളത്. മേൽ സാഹചര്യത്തിൽ ഓരോ കർഷകരുടെയും നഷ്ടം കണക്കാക്കി ആയതിൽ നിന്നും സബ്സിഡി തുക കുറച്ചതിനുശേഷമുള്ള നഷ്ടത്തിന്റെ സാമ്പത്തിക ബാധ്യത കണക്കാക്കിയ ശേഷം നഷ്ടത്തിന്റെ ഒരു നിശ്ചിത ശതമാനം ആനുകൂല്യമായി CMDRF ൽ നിന്നും നൽകുന്നതിലേയ്ക്കായി Rev(DRF) വകുപ്പിന്റെ ശുപാർശ സഹിതം ഫയൽ Finance (Funds)വകുപ്പിനു ലഭ്യമാക്കുവാൻ അഭ്യർത്ഥിക്കുന്നു."

(4) ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവ് നൽകുകയുണ്ടായി. 2018 ആഗസ്റ്റ് മാസത്തെ

പ്രളയത്തിൽ 36 അലങ്കാര മത്സ്യകൃഷി യൂണിറ്റുകൾക്ക് നാശനഷ്ടം സംഭവിക്കുകയും 17,23,750 രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുള്ളതും ഇവർ ഈ നഷ്ടപരിഹാരത്തിന് അർഹരുമാണെന്നും, ഇവർക്ക് സബ്സിഡി നൽകിയിട്ടുള്ളത് 2010-2011, 2011-12 വർഷങ്ങളിൽ ആണെന്നും, എന്നാൽ സബ്സിഡി ഒഴിവാക്കിയാൽ 12 കർഷകർക്കായി 7,90,500 രൂപയുടെ നഷ്ടപരിഹാരമാണ് കണകാക്കപ്പെട്ടിരിക്കുന്നതെന്നും, ഇതിൽ നിന്നും നിശ്ചിത ശതമാനം തുക കർഷകർക്ക് ആനുകൂല്യമായ നൽകുന്നത് സംബന്ധിച്ച സർക്കാർ തലത്തിൽ തീരുമാനമെടുക്കാവുന്നതാണെന്നും ഫിഷറീസ് ഡയറക്ടർ അറിയിച്ചിരിക്കുന്നു.

(5). ഫിഷറീസ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രളയം മൂലം നാശനഷ്ടം സംഭവിച്ച അലങ്കാര മത്സ്യ കൃഷിക്കാർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 7,90,500/-രൂപ അനുവദിക്കണമെന്ന് ബഹു.ഫിഷറീസ് വകുപ്പ് മന്ത്രി ശുപാർശ ചെയ്യുകയും ആയത് ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(6). ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ടവിഷയം

2018-ലെ പ്രളയം മൂലം നാശനഷ്ടം സംഭവിച്ച രജിസ്റ്റേർഡ് അലങ്കാര മത്സ്യ കൃഷിക്കാർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 7,90,500/-രൂപ (ഏഴ് ലക്ഷത്തി തൊണ്ണൂറായിരത്തി അഞ്ഞൂറ് രൂപ മാത്രം) അനുവദിക്കാമോ?